**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 384** **05-12-2022 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ.ഫണ്ട് മുഖേന പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. എ.ഡി.എഫ്. മുഖാന്തരം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിച്ചതിനു ശേഷം ഫണ്ട് അനുവദിക്കാതെ ചീഫ് എഞ്ചിനീയർ ഓഫീസിൽ തടഞ്ഞ് വച്ചിരിക്കുന്നതും അനാവശ്യ കാലതാമസം വരുത്തുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പൂർണ്ണമായും ന്യൂനതകൾ ഒന്നും തന്നെയില്ലാതെ തയ്യാറാക്കി സമർപ്പിക്കപ്പെടുന്ന പൂർത്തീകരിച്ച പ്രവൃത്തികളുടെ റിക്വസിഷനുകളിന്മേൽ സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബിൽ തുകയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് / കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളിലേയ്ക്ക് സമയ ബന്ധിതമായി നൽകി വരുന്നുണ്ട്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന പൂർണ്ണമല്ലാത്തതും, ന്യൂനതകളോടു കൂടിയതുമായ റിക്വസിഷനുകളും അനുബന്ധരേഖകളും പൂർണ്ണമാക്കാനും, ന്യൂനതകൾ പരിഹരിക്കാനുമായി നിർദ്ദേശം നൽകി പര്യാപ്തമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നഷ്ടപ്പെടാതെ അലോട്ട്മെന്റ് അനുവദിക്കുന്നുണ്ട്. |
| (ബി) | എത്ര മാസത്തെ ബില്ലുകൾ ആണ് ഇപ്രകാരം തടഞ്ഞുവെച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; എം.എൽ.എ. ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സി.ഇ. ഓഫീസിൽ 2021 മുതൽ തീർപ്പാകാതിരിക്കുന്ന പെന്റിംഗ് ബില്ലുകൾ ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | 2022-23 വർഷത്തിൽ ലഭ്യമായ ബഡ്ജറ്റ് വിഹിതം 300.00 കോടി രൂപയാണ്. ചീഫ് എഞ്ചിനീയർ വിവിധ തവണകളായി അഭ്യർത്ഥിച്ചതിൽ ലഭിച്ച 225.00 കോടി രൂപയിൽ 224.14 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പൂർണ്ണമായും, ന്യൂനതകൾ ഒന്നുമില്ലാത്തതും, ന്യൂനതകൾ പരിഹരിക്കപ്പെട്ടതും 2022 മെയ് മാസം വരെ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചതുമായ റിക്വസിഷനുകളിന്മേൽ അലോട്ട്മെന്റ് നൽകാൻ സാധിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് - 8<br>തൃശ്ശൂർ - 11<br>ഇടുക്കി - 4<br>കോട്ടയം - 11<br>ആലപ്പുഴ - 9<br>കൊല്ലം - 4<br>തിരുവനന്തപുരം - 3 |
| (സി) | കൃത്യതയോടെ എം.എൽ.എ ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ | (സി) | വിവിധ തവണകളായുള്ള ചീഫ് എഞ്ചിനീയറുടെ |

| | | | |
|---|---|---|---|
| | കരാറുകാർക്കും മറ്റു സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | ധനാഭ്യർത്ഥനകൾ പരിഗണിച്ചാണ് വാർഷിക ബഡ്ജറ്റ് വിഹിതം സർക്കാർ അനുവദിയ്ക്കുന്നത്. 2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതം 300.00 കോടി രൂപ ആയിരുന്നുവെങ്കിലും അധിക ധനാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടത് പരിഗണിച്ച് 100.00 കോടി രൂപ കൂടി അനുവദിച്ചു. ഇപ്രകാരം ലഭ്യമായ 400.00 കോടി രൂപയിൽ 399.06 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ CMLRP ഫണ്ട് കൈകാര്യം ചെയ്യുന്ന മാതൃക MLA - ADS ന് കൂടി ബാധകമാക്കി ജില്ലകളിലേയ്ക്ക് സുതാര്യമായി തുക കൈമാറുന്ന രീതി പിന്തുടരുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ ഓഡിറ്റ് നടത്തി കൃത്യതയും, കാര്യക്ഷമതയും ഉറപ്പുവരുത്തുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ഇത്തരത്തിൽ എത്ര ബില്ലുകൾ പെന്റിംഗ് ഉണ്ടെന്നും അവ എന്നത്തേക്ക് തീർപ്പാക്കാനാകും എന്നും അറിയിക്കുമോ? | (ഡി) | 5 ബില്ലുകൾ പെന്റിംഗ് ഉണ്ട്. പരമാവധി വേഗതയിൽഫണ്ട് ലഭ്യത അനുസരിച്ച് ബില്ലുകൾ തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

I/5521480/2022

പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:384

05/12/2022-ൽ മറുപടിയ്ക്ക്

**എം.എൽ.എ ഫണ്ട് മുഖേന പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ**

| ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | | മറുപടി<br>**എം.ബി.രാജേഷ്**<br>**തദ്ദേശ സ്വയംഭരണം, എക്സൈസ്**<br>**വകുപ്പ് മന്ത്രി** | |
|---|---|---|---|
| (എ) | എം.എൽ.എ. എ.ഡി.എഫ്. മുഖാന്തരം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിച്ചതിനു ശേഷം ഫണ്ട് അനുവദിക്കാതെ ചീഫ് എഞ്ചിനീയർ ഓഫീസിൽ തടഞ്ഞ് വച്ചിരിക്കുന്നതും അനാവശ്യ കാലതാമസം വരുത്തുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (എ) | പൂർണ്ണമായും ന്യൂനതകൾ ഒന്നും തന്നെയില്ലാതെ തയ്യാറാക്കി സമർപ്പിക്കപ്പെടുന്ന പൂർത്തീകരിച്ച പ്രവൃത്തികളുടെ റിക്വസിഷനുകളിന്മേൽ സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബിൽ തുകയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലേയ്ക്ക് സമയബന്ധിതമായി നൽകി വരുന്നുണ്ട്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന പൂർണ്ണമല്ലാത്തതും, ന്യൂനതകളോടു കൂടിയതുമായ റിക്വസിഷനുകളും അനുബന്ധരേഖകളും പൂർണ്ണമാക്കാനും, ന്യൂനതകൾ പരിഹരിക്കാനുമായി നിർദ്ദേശം നൽകി പര്യാപ്തമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നഷ്ടപ്പെടാതെ അലോട്ട്മെന്റ് അനുവദിക്കുന്നുണ്ട്. |
| (ബി) | എത്ര മാസത്തെ ബില്ലുകൾ ആണ് ഇപ്രകാരം തടഞ്ഞു വെച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ; എം.എൽ.എ ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; സി.ഇ ഓഫീസിൽ 2021 മുതൽ തീർപ്പാകാതിരിക്കുന്ന പെന്റിംഗ് ബില്ലുകൾ ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | 2022-23 വർഷത്തിൽ ലഭ്യമായ ബഡ്ജറ്റ് വിഹിതം 300.00 കോടി രൂപയാണ്. ചീഫ് എഞ്ചിനീയർ വിവിധ തവണകളായി അഭ്യർത്ഥിച്ചതിൽ ലഭിച്ച 225.00 കോടി രൂപയിൽ 224.14 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പൂർണ്ണമായും ന്യൂനതകൾ ഒന്നുമില്ലാത്തതും, ന്യൂനതകൾ പരിഹരിക്കപ്പെട്ടതും 2022 മെയ് മാസം വരെ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചതുമായ റിക്വസിഷനുകളിന്മേൽ അലോട്ട്മെന്റ് നൽകാൻ സാധിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് - 8<br>തൃശ്ശൂർ - 11<br><br>ഇടുക്കി - 4<br>കോട്ടയം - 11<br>ആലപ്പുഴ - 9<br>കൊല്ലം - 4<br>തിരുവനന്തപുരം - 3 |
| (സി) | കൃത്യതയോടെ എം.എൽ.എ ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ കരാറുകാർക്കും മറ്റു സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | വിവിധ തവണകളായുള്ള ചീഫ് എഞ്ചിനീയറുടെ ധനാഭ്യർത്ഥനകൾ പരിഗണിച്ചാണ് വാർഷിക ബഡ്ജറ്റ് വിഹിതം സർക്കാർ അനുവദിയ്ക്കുന്നത്. 2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതം 300.00 കോടി രൂപ ആയിരുന്നുവെങ്കിലും അധിക ധനാനുമതി |

| | | | |
|---|---|---|---|
| | | | യ്ക്കായി ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടത് പരിഗണിച്ച് 100.00 കോടി രൂപ കൂടി അനുവദിച്ചു. ഇപ്രകാരം ലഭ്യമായ 400.00 കോടി രൂപയിൽ 399.06 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ CMLRP ഫണ്ട് കൈകാര്യം ചെയ്യുന്ന മാതൃക MLA - ADS ന് കൂടി ബാധകമാക്കി ജില്ലകളിലേയ്ക്ക് സുതാര്യമായി തുക കൈമാറുന്ന രീതി പിന്തുടരുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ ഓഡിറ്റ് നടത്തി കൃത്യതയും, കാര്യക്ഷമതയും ഉറപ്പുവരുത്തുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ഇത്തരത്തിൽ എത്ര ബില്ലുകൾ പെന്റിംഗ് ഉണ്ടെന്നും അവ എന്നത്തേക്ക് തീർപ്പാക്കാനാകും എന്നും അറിയിക്കുമോ ? | (ഇ) | 5 ബില്ലുകൾ പെന്റിംഗ് ഉണ്ട്, പരമാവധി വേഗതയിൽ ഫണ്ട് ലഭ്യത അനുസരിച്ച് ബില്ലുകൾ തീർപ്പാക്കുന്നതാണ്. |

M B RAJESH
MINISTER